15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5165 | 21-07-2022 - ൽ മറുപടിയ്ക്ക്

അറുന്നൂറ്റിമംഗലം സീഡ് ഫാമിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിലുള്ള അറുന്നൂറ്റിമംഗലം സീഡ് ഫാമിന്റെ പ്രവർത്തനം വിശദമാക്കുമോ ; | (എ) | ആലപ്പുഴ ജില്ലയിലേയും സമീപ ജില്ലകളിലേയും കർഷകർക്ക് ആവശ്യമായ നെൽവിത്ത് ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോട് കൂടി 1964ൽ ആരംഭിച്ചതാണ് അറുന്നൂറ്റിമംഗലം സംസ്ഥാന വിത്തുല്പാദന കേന്ദ്രം. 8.58 ഹെ. വിസ്തൃതിയുള്ള ഫാമിൽ 5.6 ഹെ. നെൽകൃഷിയും 2.18 ഹെ. കരകൃഷിഭൂമിയുമാണുള്ളത്. ഫാമിലെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) 5 ഹെക്ടർ നെൽപ്പാടത്ത് അത്യുല്പാദന ശേഷിയുള്ള നെൽ വിത്തിന്റെ ഉല്പാദനവും വിതരണവും ചെയ്തു വരുന്നു.<br><br>2) വെണ്ട, വഴുതന, മുളക്, പാവൽ, പടവലം, പയർ, ചീര തുടങ്ങിയ പച്ചക്കറി ഇനങ്ങളുടെ വിത്തുകളുടേയും തൈകളുടെയും ഉല്പാദനം ഫാമിൽ നടത്തുന്നുണ്ട്.<br><br>3) വിവിധയിനം തെങ്ങിൻ തൈകൾ, മാവ്, പ്ലാവ് എന്നിവയുടെ ബഡ്/ഗ്രാഫ്റ്റ്, മറ്റു ഫലവൃക്ഷങ്ങളുടെ തൈകൾ, കറിവേപ്പ്, മുരിങ്ങ, ഹൈബ്രിഡ് പപ്പായ, തുടങ്ങിയവയുടെ തൈകളുടെയും ദൃഡീകരിച്ച ടിഷ്യുകൾച്ചർ വാഴ വിത്തുകളുടെയും ഉല്പാദനവും വിതരണവും നടത്തുന്നുണ്ട്.<br><br>4) അലങ്കാര സസ്യങ്ങളായ കുറ്റിമുല്ല, അഡീനിയം, അറേലിയ, ഓർക്കിഡ്, ബൊഗേൻ വില്ല, അഗ്ളോണിമ, പാർലർപാം എന്നിവയുടെ തൈകളുടെ ഉല്പാദനവും വിതരണവും ചെയ്തു വരുന്നു.<br><br>5) സംയോജിത കൃഷിവികസന പദ്ധതി പ്രകാരം കരിങ്കോഴി വളർത്തൽ, മുയൽ വളർത്തൽ, താറാവ് വളർത്തൽ, മത്സ്യകൃഷി മുതലായ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (ബി) | പ്രസ്തുത സീഡ് ഫാമിന്റെ പുരോഗതിക്കായി | (ബി) | 1) പമ്പ ജലസേചന പദ്ധതി കനാലിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | | ക്രമാതീതമായ ചോർച്ച ഉണ്ടായിരുന്നതിനാലും ഫാമിൽ നിന്നുള്ള ജലം പുറത്തേക്ക് ഒഴുക്കേണ്ടുന്ന ചാനലുകൾ തടസപ്പെട്ടതിനാലും നെൽപാടത്തു ചതുപ്പ രൂപപ്പെട്ടുകയും നെൽകൃഷി തടസപ്പെട്ടുകയും ചെയ്തിരുന്നു. ഇതു പരിഹരിക്കാൻ 2021 -22 വർഷം 19.875 ലക്ഷം രൂപ ഇൻഫ്രാസ്ട്രക്ച്ചർ വർക്കിനായി വിനിയോഗിച്ചു കൊണ്ട് തോടുകളുടെ ആഴവും വീതിയും കൂട്ടുകയും പമ്പ കനാലിൽ നിന്നും വരുന്ന സീവേജ് ജലം തടയുന്നതിനായി കരത്തോടുകൾ നിർമ്മിക്കുകയും ചെയ്തു.<br><br>2) ഫാം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സെയിൽസ് കൗണ്ടർ നിർമ്മിച്ചു.<br><br>3) ആലപ്പുഴ ജില്ലയിലെ മോഡൽ ഫാം ആക്കി ടി ഫാമിനെ മാറ്റുന്നതിന് സംയോജിത കൃഷി രീതി വികസിപ്പിക്കുന്നുണ്ട് . മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, അസോള കൃഷി, മുയൽ കൃഷി, കരിങ്കോഴി, താറാവ് - മത്സ്യകൃഷി, തിരി നന യൂണിറ്റുകൾ, വെർട്ടിക്കൽ ഫാമിംങ് (പച്ചക്കറികളും അലങ്കാര സസ്യങ്ങളും) എന്നിവയും നടപ്പിലാക്കി വരുന്നു.<br><br>4) 2022-23-ലെ ജില്ലാ പഞ്ചായത്തു പദ്ധതിയിൽ പശു, ആട് എന്നിവയ്ക്കു വേണ്ടിയും, തൊഴുത്തിനു വേണ്ടിയും പദ്ധതി ആവിഷ്കരിച്ചു തുക വകയിരുത്തിയിട്ടുണ്ട്.<br><br>5) ഫാമിൽ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പണി നടന്നുവരുന്നു.<br><br>6) റാമ്പുകൾ പണിയുന്നതിനും, പമ്പുഹൌസുകൾ റിപ്പയർ ചെയ്യുന്നതിനും, സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക ഉത്പാദന പ്രവർത്തനങ്ങൾക്കായി കൃഷി വകുപ്പിന്റെ പ്ലാൻ സ്കീം ഫണ്ടും ജില്ലാ പഞ്ചായത്ത് പ്രോജെക്റ്റ് ഫണ്ടും വിനിയോഗിച്ചു കൊണ്ട് വിവിധ വിളകളുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ചു വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ